മിനിക്കഥകൾ

ബാപ്പു കൂട്ടിലങ്ങാടി



## ആയുധം

കുന്തമുനകളൊടിഞ്ഞിരിക്കുന്നു
യിനി കുത്തുവാക്കെന്റെ പുത്തനായുധം!

## മാന്യത

പകൽ വെളിച്ചത്തിൽ
മാത്രമുടുത്തു നടക്കാനും
പുതക്കാനും ഒരു ശുഭ്ര തുണികഷ്ണം!

## ക്ഷമ

എനിക്ക് ജയിക്കാനാവാത്തിടത്തൊക്കെ
ഞാൻ ക്ഷമയുടെ പ്രവാചകൻ!



## ഖബറിടം

മദിച്ചും കൊതിച്ചും
പുളച്ചും നടന്നവനും
ഒടുവിൽ കിതപ്പടങ്ങി
പുതഞ്ഞ് കിടക്കാനൊരിടം

## പുത്രൻ

വീട് വിട്ട മുടിയനായ പുത്രൻ
രാഷ്ട്രീയത്തിലിറങ്ങി നാട് വിറ്റു.

## പെൺമനം

പേനയിലെ മഷി തീർന്നുപോയതിൽ
മനം നൊന്ത് സൈക്കോളജി വിദ്യാർഥിനി
ആത്മഹത്യചെയ്തു.